# പതിനാലാം കേരളനിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2844 18.08.2017 ൽ മറുപടിക്ക്

## വില്ലേജ് ആഫീസുകളിലെ ജോലിഭാരം ലഘൂകരിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ** | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) വില്ലേജ് ആഫീസുകളിലെ ജോലിഭാരം ലഘൂകരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (എ) ഒൻപതാം ശമ്പള പരിഷ്കരണ കമ്മീഷൻ വില്ലേജുകളിൽ ഒരു സ്പെഷ്യൽ വില്ലേജ് ഓഫീസർ/വില്ലേജ് അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കാൻ ശിപാർശ ചെയ്തിരുന്നു. തുടർന്ന് സംസ്ഥാനത്തെ വില്ലേജ് ആഫീസുകളിലെ ജോലിഭാരം സംബന്ധിച്ച് സർക്കാർ പി. ആന്റ് എ.ആർ.ഡി വകുപ്പ് പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ വില്ലേജുകളിലെ സ്റ്റാഫ് പാറ്റേൺ അപര്യാപ്തമാണെന്നു കണ്ട് ജോലി ഭാരം കൂടുതലുള്ള 140 വില്ലേജുകളിൽ അധികമായി ഒരു വില്ലേജ് അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കാൻ ശിപാർശ ചെയ്തിരുന്നു. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**